മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ പ്രധാന ജനക്ഷേമ പദ്ധതികളിൽ ഒന്നാണ് സ്വാശ്രയ ട്രെയിനിങ് & റിഹാബിലിറ്റേഷൻ സെന്റർ. അപകടമോ രോഗമോ മൂലം സുഷുമ്നാനാഡിക്ക് ക്ഷതം സംഭവിച്ച് ശരീരം തളർന്നുപോയവർക്കുവേണ്ടിയുള്ള ഒരു പരിശീലന പുനരിധിവാസ കേന്ദ്രമാണിത്. വാഹനാപകടങ്ങൾ, വീഴ്ചകൾ, ഏറ്റുമുട്ടലുകൾ, രോഗങ്ങൾ എന്നിവയാണ് നട്ടെല്ലിനും അതിനുള്ളിലെ സുഷുമ്നയ്ക്കും കേടുവരുത്താറുള്ളത്. ക്ഷതമേറ്റ ഭാഗത്തിനു കീഴോട്ടുള്ള അവയവങ്ങൾ തളർന്നുപോകുന്നു. ഇതു സംഭവിച്ചവരിൽ അധികവും ഡ്രൈവർമാർ, മരംകയറ്റക്കാർ, കെട്ടിടം പണിക്കാർ, ചുമട്ടുകാർ എന്നിങ്ങനെ സാമ്പത്തിക ഭദ്രതയില്ലാത്തവരാണ്. ആവശ്യമായ വിദഗ്ധ ചികിത്സയും പരിശീലനവും കൗൺസെലിങ്ങും ലഭിക്കാതെ നിരാശരായി സ്വയം ശപിച്ച് ജീവിതം തള്ളിനീക്കുന്നവരാണ് അവരിൽ മിക്കപേരും. ശയ്യാവലംബികളായ ഇത്തരക്കാർക്ക് സ്വന്തം ദിനചര്യകൾ പരസഹായം കൂടാതെ നിർവ്വഹിക്കുന്നതിനുള്ള പരിശീലനവും ഉപദേശവും നൽകി അവർക്ക് നഷ്ടപ്പെട്ടുപോയ സന്തോഷവും ആത്മധൈര്യവും വീണ്ടെടുത്ത് സന്തുഷ്ട ജീവിതം നയിക്കുവാൻ അവരെ പ്രാപ്തരാക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യ ഉദ്ദേശ്യം. ഇവരിൽ അവശേഷിക്കുന്ന കായശേഷിയെ വിവിധ ഉപകരണങ്ങളുടെ ഉപയോഗത്തോടെയും അല്ലാതെയും പരമാവധി പ്രയോജനപ്പെടുത്തി കഴിവതും പരാശ്രയം കൂടാതെ ജീവിക്കുന്നതിന് പ്രാപ്തരാക്കുന്ന പരിശീലനമാണ് സ്വാശ്രയ നൽകിവരുന്നത്. അതോടൊപ്പം അവരുടെ കഴിവുകൾക്കും അഭിരുചികൾക്കും അനുയോജ്യമായ തൊഴിലുകൾ പരിശീലിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിനും ശ്രമിക്കുന്നു. ശരീരത്തിന്റെ പകുതിയോ അതിലധകമോ മൃതതുല്യമായിത്തീർന്ന ഈ ഹതഭാഗ്യരുടെ മാനസികനില അസന്തുലിതമാകുവാനുള്ള സാദ്ധ്യത ഏറെയാണ്. അവരുടെ ദുഖവും നിരാശയും നീക്കി അവരിൽ ആത്മവിശ്വാസവും സന്തോഷവും വളർത്തുവാനുള്ള കൗൺസെലിങ് യോഗ എന്നിവയും ഇവിടെ നടത്തിവരുന്നു.






സ്വാശ്രയയിൽ പരിശീലനത്തിനെത്തുന്നതിൽ ഭൂരിഭാഗവും പരിശീലനാനന്തരം സ്വന്തം വീടുകളിലേക്ക് മടങ്ങിപ്പോകുവാൻ ഇഷ്ടപ്പെടാത്തവരാണെന്നുള്ളതാണ് ഇവരെസംബന്ധിച്ച മറ്റൊരു സത്യം. അവർ സ്വാശ്രയ കുടുംബത്തിലെ അംഗങ്ങളായി തുടർജീവിതം നയിക്കുന്നതിനാണ് താത്പര്യപ്പെടുന്നത്. ഇത് സ്വാശ്രയയുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു. അവർക്ക് പുനരധിവാസ സൗകര്യം ഒരുക്കേണ്ടതുണ്ടല്ലൊ.

## സ്വാശ്രയ രൂപംകൊള്ളുന്നു

സ്വാശ്രയയുടെ മാനേജർ റെജി എബ്രാഹാമിന്റെ സ്വപ്നസാക്ഷാത്കാരമാണ് ഈ സ്ഥാപനം എന്ന് പറയാം. ഒരു ഓട്ടോമൊബൈൽ ഡിപ്ലോമാധാരിയായ ഈ ചെറുപ്പക്കാരൻ സ്വന്തം വർക്ക്ഷോപ്പിൽ പണി എടുക്കുന്നതിനിടയിൽ സംഭവിച്ച അപകടം 12-ാം കശേരുകയുടെ സ്ഥാനത്തുവച്ച് സുഷുമ്നാനാഡി മുറിഞ്ഞുപോകുന്നതിന്നിടയാക്കി. അപകടത്തേത്തുടർന്ന് വിവിധ ചികിത്സാലയങ്ങളിൽ - പ്രത്യേകിച്ചും വെല്ലൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ - ലഭിച്ച വിദഗ്ധ ചികിത്സയുടെയും പരിശീലനത്തിന്റെയും കൗൺസലിങ്ങിന്റെയും അനുഭവങ്ങളാണ് തന്നേപ്പോലെയുള്ളവർക്കുവേണ്ടി ഒരു പരിശീലന പുനരിധിവാസകേന്ദ്രം സ്വന്തം നാട്ടിൽ ആരംഭിക്കണമെന്ന ആഗ്രഹം റെജിയുടെ മനസ്സിൽ ജനിപ്പിച്ചത്. ഏറെക്കാലം അതൊരു വന്യസ്വപ്നമായി അയാൾ മനസ്സിൽ പേറി നടന്നു. ഒരു ദിവസം ഡോ. തോമസ് മാർ അത്താനായിയോസ് മെത്രാപ്പോലീത്തയോട് തന്റെ ആശയം റെജി വെളിപ്പെടുത്തി. അഭി. തിരുമേനി അത് ഗൗരവപൂർവ്വം പരിഗണിക്കുകയും അത്തരത്തിലുള്ള ഒരു സ്ഥാപനത്തിന്റെ ആവശ്യകതയും സേവനസാധ്യതയും ശാസ്ത്രീയമായി വിലയിരുത്തിയശേഷം ഭദ്രാസനത്തിന്റെ ക്ഷേമപദ്ധതികളിൽ ഒന്നായി അതിനെ അംഗീകരിക്കുകയും ചെയ്തു. വൈകാതെ സ്വാശ്രയ ചാരിറ്റബിൾ ട്രസ്റ്റിന്റെ രൂപീകരണവും രജിസ്ട്രേഷനും നടന്നു. വെട്ടിക്കലിൽ ഉണ്ടായിരുന്ന മെറ്റനോയിയ ധ്യാനകേന്ദ്രത്തോടുചേർന്ന് സ്വാശ്രയ ട്രെയിനിങ് & റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനു തീരുമാനിച്ചു. 2002 ഒക്ടോബർ 12ന് അഭി. തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ഡോ. ഡി. ബാബു പോൾ സ്വാശ്രയയുടെ ഒന്നാം ഘട്ടത്തിന് അടിസ്ഥാനശില ഇട്ടു. 2005 മെയ് 12ന് പണി പൂർത്തിയാക്കപ്പെട്ട അതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു.



സെല്ലാർ ഉൾപ്പെടെ മൂന്നു നിലകളിലായി ഏകദേശം 20,000 ച.അടി വിസ്തീർണ്ണമുള്ള നാലുകെട്ട് മാതൃകയിലുള്ള കെട്ടിടമാണ് സ്വാശ്രയയുടെ ഒന്നാം ഘട്ടത്തിൽ പണി തീർത്തിട്ടുള്ളത്. സ്വാശ്രയയുടെ രണ്ടാം ഘട്ടത്തിന്റെ നിർമ്മാണം ഇപ്പോൾ പൂർത്തിയായി വരികയാണ്. അതു കഴിയുന്നതോടെ 50,000 ച. അടി വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയവും പള്ളിയും സ്വാശ്രയയ്ക്ക് ലഭ്യമാകും. രോഗികളുടെ പരിശോധന, രോഗനിർണ്ണയം, ചികിത്സ എന്നിവയെല്ലാം പുതിയ കെട്ടിടത്തിൽ ആരംഭിക്കുന്നതോടെ ആദ്യകെട്ടിടം പൂർണ്ണമായും പുനരധിവാസത്തിനായി ഉപയോഗപ്പെടുത്തുവാൻ സാധിക്കും. അന്തേവാസികൾക്ക് കെട്ടിട സമുച്ചയത്തിന്റെ ഏതുഭാഗത്തും വീൽച്ചെയറിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യത്തോടെയാണ് അതിന്റെ നിർമ്മാണം നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്.

## സ്വാശ്രയയുടെ ഭരണം

ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായുള്ള ബോർഡ് ഓഫ് ട്രസ്റ്റീസ് ആണ് സ്വാശ്രയയുടെ ഭരണം നിർവ്വഹിക്കുന്നത്. ഫാ. മേരിദാസ് സ്റ്റീഫൻ ഉപാദ്ധ്യക്ഷനും ഫാ. ഷിബു കുര്യൻ സെക്രട്ടറിയും റെജി എബ്രാഹം മാനേജരുമായി പ്രവർത്തിച്ചുവരുന്നു.





## സ്വാശ്രയ കുടിവെള്ള പദ്ധതി

മണീട് ഗ്രാമ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന ഭാഗത്താണ് സ്വാശ്രയ സ്ഥിതിചെയ്യുന്നത്. അതുകൊണ്ടുതന്നെ അവിടെ ജലക്ഷാമം വളരെ രൂക്ഷമാണ്. അതിനൊരു ശാശ്വതപരിഹാരമായി ഏകദേശം ഒരു കിലോമീറ്റർ അകലെ നെൽപ്പാടത്തോടുചേർന്ന് 3 സെന്റ് സ്ഥലം വാങ്ങി കിണർ കുഴിപ്പിച്ച് സ്വാശ്രയ കുടിവെള്ള പദ്ധതി നടപ്പിലാക്കി. ഇതുമൂലം സ്വാശ്രയയുടെ ആവശ്യങ്ങൾക്കുപുറമെ ഏതാനും സമീപവാസികൾക്കും ജലവിതരണം ചെയ്യുന്നതിന് സാധിക്കുന്നു. 15 ലക്ഷത്തിൽപരം രൂപ ഈ പദ്ധതിക്ക് ചെലവുവന്നു.

## പരിശീലന കോഴ്സും ഫീസും

90 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടിയാണ് സ്വാശ്രയ നടത്തിവരുന്നത്. ഒരേ കാലയളവിൽ പരമാവധി പത്ത് രോഗികൾക്ക് പരിശീലനകോഴ്സിൽ പ്രവേശനം നൽകുന്നു. വർഷംതോറും മൂന്ന് കോഴ്സുകൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഫിസിയോതെറാപ്പിസ്റ്റ്സ്, ഫിസിഷ്യൻസ്, ന്യൂറോളജിസ്റ്റ്സ്, സൈക്കോളജിസ്റ്റ്സ്, ഓർത്തോപീഡിക് സർജൻ കൂടാതെ ആയുർവേദം, ഹോമിയോ എന്നിവയിലെ വിദഗ്ധർ തുടങ്ങിയവരുടെ സേവനം ഈ കാര്യത്തിൽ ലഭ്യമാകും.



## അപേക്ഷിക്കേണ്ട വിധം

സ്വാശ്രയയിലെ പരിശീലന കോഴ്സിന് ചേരുന്നതിന് പ്രത്യേക ഫോറം ഉണ്ട്. സ്വശ്രയയുടെ ഓഫീസിൽ നിന്ന് നേരിട്ടോ പോസ്റ്റൽ മാർഗ്ഗമോ അത് ലഭിക്കും. പോസ്റ്റൽ ആയി ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ സ്വന്തം മേൽവിലാസം എഴുതി അഞ്ച് രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച കവർ സഹിതം





ആവശ്യപ്പെടണം. പ്രവേശന ഫോറം സൗജന്യമാണ്. വർഷത്തിൽ എല്ലാ കാലത്തും അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർ കോഴ്സ് കഴിയുന്നതുവരെ സ്വാശ്രയയിൽ താമസിക്കണം. രോഗിയോടൊപ്പം ഒരു സഹായിയും ഉണ്ടായിരിക്കണം. സഹായി രോഗിയെ വീട്ടിൽ സാധാരണ പരിചരിക്കുന്ന ആൾ തന്നെ ആയിരിക്കുന്നതാണ് നല്ലത്. ഡബിൾ റൂമാണ് രോഗിക്കും സഹായിക്കുമായി ക്രമീകരിച്ചിരിക്കുന്നത്. വായനക്കും വിനോദത്തിനും മറ്റുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

മൂന്നുമാസത്തെ കോഴ്സിന് 24,000 രൂപയാണ് ഫീസ്. രജിസ്ട്രേഷൻ, കൺസൾട്ടേഷൻ, എക്സ്റ്റാബ്ലിഷ്മെന്റ്, പരിശീലനം, മുറിവാടക, രണ്ട് പേർക്കുള്ള ഭക്ഷണം മുതലായവക്കുള്ള ചെലവുകൾ ഇതിൽ പെടുന്നു. എന്നാൽ ലാബ് ടെസ്റ്റുകൾ, മരുന്നുകൾ എന്നിവക്കുള്ള ചെലവുകൾ രോഗികൾ വഹിക്കേണ്ടതാണ്. പകുതി ഫീസ് പ്രവേശന സമയത്ത് ഓഫീസിൽ അടക്കണം. അർഹരായ രോഗികൾക്ക് സൗജന്യം അനുവദിക്കുന്നതാണ്.


## സ്വാശ്രയ ഫ്രണ്ട്സ് സർക്കിൾ

സ്വാശ്രയ പോലുള്ള ഒരു വലിയ പ്രസ്ഥാനം ഒരു സാധാരണ വ്യക്തിക്ക് സ്വന്തമായി സ്ഥാപിച്ച് നടത്തികൊണ്ട് പോകുവാൻ സാധിച്ചെന്ന് വരികയില്ല. എന്നാൽ ഇത്തരം സ്ഥാപനങ്ങളുമായി സഹകരിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ എളുപ്പമാണ്. അതിന് താത്പര്യമുള്ളവർ സമൂഹത്തിൽ ധാരാളമുണ്ട്. അങ്ങനെയുള്ളവർക്ക് സ്വാശ്രയ ഒരുക്കുന്ന പദ്ധതിയാണ് സ്വാശ്രയ ഫ്രണ്ട്സ് സർക്കിൾ. ഈ പദ്ധതി അനുസരിച്ച് ഉതവിപ്രവർത്തനങ്ങളോട് ആഭിമുഖ്യമുള്ള ഏതൊരാൾക്കും 25,000 രൂപ ഒരുമിച്ചോ പരമാവധി 25 തവണകളായോ സ്വാശ്രയയുടെ ബാങ്ക് അക്കൗണ്ടിൽ അടച്ച് സ്വാശ്രയ ഫ്രണ്ട്സ് സർക്കിളിൽ അംഗമാകുവാൻ സാധിക്കും. ഈ സുഹൃത്ത് വലയത്തിൽ അംഗമാകുന്നതോടെ അവർക്ക് കറയറ്റ ഒരു ജീവകാരുണ്യ പ്രവർത്തനമേഖലയിൽ പ്രവേശനം തുറന്നു കിട്ടുകയാണ്. സ്വാശ്രയയുടെ എല്ലാ പൊതുചടങ്ങുകളിലും അവർക്ക് പങ്കാളിത്തവും ക്ഷണവും ലഭിക്കുന്നതാണ്. 'എടുക്കുന്നതിനേക്കാൾ കൊടുക്കുന്നത് ശ്രേഷ്ഠം' എന്ന് കരുതുന്നവരുടെ കൂട്ടായ്മയാണ് ഈ ഫ്രണ്ട്സ് സർക്കിൾ.



## സ്വാശ്രയക്കുവേണ്ടി നിങ്ങൾക്ക് ചെയ്യാവുന്ന കാര്യങ്ങൾ

1. നിങ്ങളുടെ പ്രാർത്ഥനയിൽ സ്വാശ്രയയെ സ്മരിക്കുക
2. സ്വാശ്രയ ഫ്രണ്ട്സ് സർക്കിളിൽ അംഗങ്ങളാകുക
3. ഇടയ്ക്കിടക്ക് സ്വാശ്രയ സന്ദർശിക്കുകയും സ്വാശ്രയ കുടുംബത്തിലെ അംഗങ്ങളുമൊത്ത് കുറച്ച് സമയം ചെലവഴിക്കുകയും ചെയ്യുക.
4. സ്വാശ്രയയുടെ കടങ്ങൾ തീർക്കുന്നതിനും രോഗികൾക്ക് സൗജന്യം അനുവദിക്കുന്നതിനുമായി ധാരാളം പണം ആവശ്യമുണ്ട്. മാസം തോറും നിങ്ങൾക്ക് സാധ്യമായ തുക സംഭാവനയായി നൽകുക
5. സ്വാശ്രയയിലെ രോഗികൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ സജ്ജീകരണങ്ങൾ തുടങ്ങിയ വാങ്ങി തരിക
6. പരിശീലനത്തിന് എത്തുന്ന പാവപ്പെട്ട രോഗികളെ സ്പോൺ സർ ചെയ്യുക






7. സാമ്പത്തിക സഹായം നൽകുവാൻ സാധ്യതയുള്ള വ്യക്തികളെയും സംഘടനകളെയും പ്രസ്ഥാനങ്ങളെയും സ്വാശ്രയക്ക് പരിചയപ്പെടുത്തുക
8. സ്വാശ്രയയിലെ അന്തേവാസികളെ പരിചയപ്പെടുകയും അവർക്ക് ചെയ്യാൻ കഴിയുന്ന കൈത്തൊഴിലുകൾ നിർദ്ദേശിക്കുകയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ചെയ്യുക
9. നിങ്ങളുടെ ആഘോഷാവസരങ്ങളിൽ സ്വാശ്രയ കുടുംബത്തെയും പങ്കുച്ചേർക്കുവാൻ ശ്രമിക്കുക
10. സ്വാശ്രയ കുടുംബാംഗങ്ങൾക്കായ് ചെറിയ ഉല്ലാസയാത്രകൾ സംഘടിപ്പിക്കുക. നിങ്ങളുടെ പ്രദേശങ്ങളിലെ ചെറുസദസ്സുകളിൽ അവരുടെ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് അവസരം നൽകുക

ഇന്ത്യൻ, വിദേശ നാണയങ്ങൾ സ്വാശ്രയ സ്വീകരിക്കും. ഇന്ത്യൻ പണം മുളന്തുരുത്തിയുള്ള ഫെഡറൽ ബാങ്ക് എസ്.ബി അക്കൗണ്ട് നമ്പർ 11410100 109337, (IFSC-FDRL 0001141) ലും വിദേശപണം അവിടെയുള്ള കാനറ ബാങ്ക് അക്കൗണ്ട് നമ്പർ CA- 0713201 0000348 (IFSC-CNRB-0000713)ലും അടയ്ക്കാവുന്നതാണ്. എല്ലാ സംഭാവനത്തുകകൾക്കും ഇൻകംടാക്സ് ആനുകൂല്യം ലഭിക്കുന്നതാണ്. സംഭാവനകൾ അയക്കുന്നവർ ദയവായി അവരുടെ പേരും പൂർണ്ണ മേൽവിലാസവും സ്വാശ്രയയുടെ ഓഫീസിലേക്ക് അയച്ചുതരിക. അന്വേഷണങ്ങൾക്ക് – ഫോൺ: 0484 2748192, മൊബൈൽ: 09447252288

SWASRAYA TRAINING & REHABILITATION CENTRE
Vettickal P.O., Mulanthuruthy, Kerala, S. India-682 314
email: swasraya@hotmail.com
Website: www.swasrayatrc.org, www.swasraya.org

# നട്ടെല്ലിന് ക്ഷതമേറ്റവർക്കൊരു സാന്ത്വനസ്പർശം..




Swasraya
Training and Rehabilitation Centre